LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. സുധാകരൻ : സർ, ഗവൺമെന്റ് സ്കൂളുകളിൽ ലൈബ്രറി, ലബോറട്ടറികളിൽ ആധുനിക സൗകര്യങ്ങൾ സമയബന്ധിതമായി ഏർപ്പെടുത്തി ഗുണനിലവാരം ഉയർത്തിയെന്ന് ഉറപ്പിക്കാനുള്ള കർശന നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : സയൻസ് എഡ്യൂക്കേഷന്റെ ഭാഗമായി സാധാരണ സ്കൂളുകളിൽ ഇതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നുണ്ട്. പ്ലസ് ടു അനുവദിച്ചിട്ടുള്ള ഗവൺമെന്റ് സ്കൂളുകളിൽ ലബോറട്ടറി, ലൈബ്രറി എന്നിവ വികസിപ്പിക്കുന്നതിനുള്ള പ്രത്യേക സഹായവും നൽകിക്കൊണ്ടിരിക്കുന്നു.

(ii) മന്ത്രിയുടെ പ്രസ്താവന

ഉത്തരത്തിനു തിരുത്തൽ

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, 26.3.1997-ൽ നക്ഷത്ര ചിഹ്നമിടാത്ത 5659-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ പിശക് കടന്നുകൂടിയിരിക്കുന്നു. തിരുത്തിയ ഉത്തരം മേശപ്പുറത്തു വയ്ക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(iii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

7 (*511) കമ്പ്യൂട്ടർ പഠന വിഷയമുള്ള ബ്രാഞ്ചുകളുടെ സിലബസ് പരിഷ്കരണം സംബന്ധിച്ച്

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോളിടെക്നിക്കുകളിൽ കമ്പ്യൂട്ടർ പഠന വിഷയമായുള്ള ബ്രാഞ്ചുകളിൽ സിലബസ് വർഷംതോറും നവീകരിക്കുന്നുണ്ടോ;

(ബി) കമ്പ്യൂട്ടർമേഖലയിൽ അനുസ്യൂതം വന്നുകൊണ്ടിരിക്കുന്ന പുരോഗതി വിദ്യാർത്ഥികൾക്ക് പരിചിതമാകുന്നതിന് ഉതകുന്ന മാറ്റങ്ങൾ സിലബസിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) പഴകി വരുന്ന കമ്പ്യൂട്ടർ പാഠ്യപദ്ധതികൾ ആധുനിക ലോകത്തിൽ ഉദ്യോഗലബ്ധിക്ക് സഹായകരമല്ലെന്നതിനാൽ സിലബസ് പരിഷ്കരണം കാലോചിതമാക്കാൻ സംവിധാനമുണ്ടാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്):

(എ) ഇല്ല.

(ബി) കമ്പ്യൂട്ടർ മേഖലയിൽ അനുസ്യൂതം വന്നുകൊണ്ടിരിക്കുന്ന പുരോഗതി വിദ്യാർത്ഥികൾക്ക് പരിചിതമാക്കുന്നതിനുവേണ്ടി വിദ്യാർത്ഥികളുടെ പ്രോജക്ട് വർക്കുകൾ, സെമിനാറുകൾ, പ്രാക്ടിക്കലുകൾ തുടങ്ങിയ ആധുനിക വിഷയങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് ചെയ്യിപ്പിച്ചു വരുന്നു.

(സി) നിലവിലുള്ള സംവിധാനം മതിയാകുന്നതാണ്.

8 (*512) പ്ലസ് ടൂ ക്ലാസ്സുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് നടപടികൾ

ശ്രീമതി എൻ.കെ. രാധ :

ശ്രീ. ആനത്തലവട്ടം ആനന്ദൻ :

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഇതിനകം ആരംഭിച്ചു കഴിഞ്ഞ പ്ലസ് ടൂ ക്ലാസ്സുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് എന്തൊക്കെ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്ലസ് ടൂ ക്ലാസ്സുകൾ അനുവദിച്ചിട്ടുള്ള പല സ്കൂളുകളിലും ക്ലാസ്സുകൾ തുടർന്നു നടത്താൻ കഴിയാത്ത രീതിയിൽ കുട്ടികളുടെ എണ്ണക്കുറവും ലാബുകളുടെ അപര്യാപ്തതയും സ്ഥലപരിമിതിയും അനുഭവപ്പെട്ടുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇപ്രകാരമുള്ള സ്കൂളുകളിലെ പ്ലസ് ടൂ ക്ലാസ്സുകൾ അടുത്തുള്ള അനുയോജ്യമായ മറ്റു സ്കൂളുകളിലേക്ക് ആവശ്യാനുസരണം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്ലസ് ടൂ ക്ലാസ്സുകൾ ആരംഭിക്കുകയും ഇപ്രകാരം ക്ലാസ്സുകൾ തുടർന്നുകൊണ്ട്പോകാൻ ബുദ്ധിമുട്ടനുഭവിക്കുകയും ചെയ്യുന്ന എത്ര സ്കൂളുകൾ സംസ്ഥാനത്ത് ഉണ്ട് എന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്):

(എ) പ്ലസ് ടൂ ക്ലാസ്സുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് കരിക്കുലം കമ്മിറ്റിയുടെ തീരുമാനപ്രകാരം നിയോഗിക്കപ്പെട്ട വിദഗ്ധ സംഘങ്ങൾ എല്ലാ ഗവൺമെന്റ് സ്കൂളുകളും കഴിഞ്ഞ അക്കാദമിക് വർഷത്തിൽ പരിശോധിക്കുകയുണ്ടായി. എയ്ഡഡ് സ്കൂളുകളിലെ സൗകര്യങ്ങൾ വിലയിരുത്തുന്നതിന് കഴിഞ്ഞ ഏപ്രിൽ, മെയ് മാസങ്ങളിൽ പരിശോധന നടത്തിയിരുന്നു. ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകത പരിഹരിക്കുന്നതിന് നിർദ്ദേശം നൽകിക്കഴിഞ്ഞു.

(ബി) പ്ലസ് ടൂ ക്ലാസ്സുകളിൽ ഈ അദ്ധ്യയന വർഷം വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവില്ലെന്നു മാത്രമല്ല, അപേക്ഷകർക്കെല്ലാം പ്രവേശനം നൽകുവാൻ സീറ്റുകൾ തികയുകയില്ലെന്നു ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പല സ്കൂളുകളിലും അഡീഷണൽ ബാച്ചുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഗവ.സ്കൂളുകളിൽ ലബോറട്ടറികൾ മെച്ചപ്പെടുത്തുന്നതിന് മതിയായ തുക അനുവദിച്ചുകഴിഞ്ഞു. സ്ഥലപരിമിതി, ലബോറട്ടറികളുടെ അപര്യാപ്തത തുടങ്ങിയ പരാതികൾ എവിടെയെങ്കിലും റിപ്പോർട്ട് ചെയ്യപ്പെട്ടാൽ അത് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly